**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1560** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിശദമാക്കാമോ; കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | **കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പ്രകാരം സർക്കാരിലേക്ക് കടാശ്വാസ ശിപാർശ നടത്തുകയും ചെയ്യുന്നു. കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2018 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31.03.2014 വരെ എടുത്ത വായ്പകൾക്കും) കർഷകൻ കൊടുത്തു തീർക്കാനുള്ള തുക 50,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ പരമാവധി 75% വരെയോ 50,000/- രൂപയിൽ കൂടുതൽ ആണെങ്കിൽ പരമാവധി 50% തുകയോ 2 ലക്ഷം രൂപ വരെയോ കമ്മീഷൻ കടാശ്വാസം അനുവദിച്ചു വരുന്നു. ഇതിനായി കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഉത്തരവ് സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയ്ക്ക് വിധേയമായി ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറുകയാണ് ചെയ്യുന്നത്.<br><br>കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഇപ്രകാരം 7 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **ഇപ്രകാരം കമ്മീഷൻ വളരെ കാര്യക്ഷമമായാണ് നിലവിൽ പ്രവർത്തിക്കുന്നത്.** |
| (ബി) | 2015-16 മുതൽ 2019-20 വരെയുള്ള ബജറ്റുകളിൽ നീക്കിവച്ച കാർഷിക കടാശ്വാസത്തിനുള്ള വിഹിതം 2020-21 -ലും 2021-22 -ലും കുറവ് ചെയ്തു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട്. എന്നാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കാർഷിക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ ആറ് വർഷത്തിനിടെ കർഷകർക്ക് കടാശ്വാസം നൽകാൻ ശിപാർശ ചെയ്തിട്ടുള്ള തുക നാളിതുവരെ പൂർണമായും കർഷകർക്ക് നൽകിയിട്ടില്ല എന്നത് വസ്തുതയാണോ; വിശദാംശം നൽകാമോ; | (സി) | കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധന പൂർത്തിയാക്കി വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കിയ 2022 ജൂൺ വരെയുള്ള കടാശ്വാസ തുക ഇതിനോടകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭ്യമായ റിപ്പോർട്ടുകളിൽ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസ്സുകളിൽ മാത്രമാണ് ഇനി കടാശ്വാസം വിതരണം ചെയ്യുവാനുള്ളത്. പ്രസ്തുത കേസ്സുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനു മുമ്പായി കർഷകരിൽ നിന്നും ലഭ്യമാക്കുന്ന ഒരു ബോണ്ടിന്റെ അടിസ്ഥാനത്തിൽ അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്. |
| (ഡി) | എല്ലാ കർഷകർക്കും പ്രയോജനപ്രദമായ രീതിയിൽ കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | നിലവിൽ വിവിധ ജില്ലകളിൽ കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതികൾ രണ്ടു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്നതിനുള്ള നടപടികളും ഒപ്പം അവാർഡു തുക കുടിശ്ശികയാകാതെ പരമാവധി വേഗത്തിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടികളും സർക്കാർതലത്തിൽ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ